# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1094 — 14.06.2012 ൽ -മറുപടിക്ക്

## റേഷൻ വിഹിതം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി കെ. എസ്. സലീഖ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര ബി.പി.എൽ., എ.പി.എൽ. കാർഡു-ടമകൾ ഉണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള എ.പി.എൽ/ബി.പി.എൽ/എ.എ.വൈ. കാർഡുകളുടെ എണ്ണം (30.04.2012 ലെ കണക്കുകൾ പ്രകാരം) ജില്ല തിരിച്ചുള്ള കണക്കുകൾ സംബന്ധിച്ച വിവരം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | റേഷൻ കടകൾ വഴി അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ നിലവിൽ ഓരോ ബി.പി.എൽ., എ.പി.എൽ. കാർഡുടമയ്ക്കും പ്രതിമാസം എത്ര വീതം ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (ബി) | ഓരോ കാർഡുടമയ്ക്കും 2012 ജൂൺ മാസം അനുവദിച്ചിട്ടുള്ള കണക്ക് പ്രകാരം വിതരണത്തിനായി അനുവദിച്ചിട്ടുള്ള റേഷൻ സാധനങ്ങളുടെ വിവരം അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | ഇപ്പോൾ പ്രസ്തുത റേഷൻ സാധനങ്ങളുടെ അളവിൽ കേന്ദ്രസർക്കാർ കുറവ് വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (സി)<br>&<br>(ഡി) | കേന്ദ്രം സംസ്ഥാനത്തിന് 2012 മാർച്ച് മാസം വരെ 15960 കി.ലി. മണ്ണെണ്ണ അനുവദിച്ചിരുന്നു. 2012 ഏപ്രിൽ മാസം മുതൽ അത് 10016 കി.ലി. ആയി വെട്ടിക്കുറച്ചു. വെട്ടിക്കുറച്ച മണ്ണെണ്ണ പുന:സ്ഥാപിച്ചു തരണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടതിൻപ്രകാരം 2012 ഏപ്രിൽ - ജൂൺ ത്രൈമാസത്തേയ്ക്ക് 5004 കി.ലി. മണ്ണെണ്ണ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ കഴിഞ്ഞ വർഷങ്ങളിൽ സംസ്ഥാനത്തിന് അനുവദിച്ചിരുന്ന ബി.പി.എൽ അഡ്ഹോക്ക് വിഹിതം (അരി) ഈ വർഷം തുടർന്നും അനുവദിക്കാത്തതിനാൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിഭാഗങ്ങൾക്ക് കി.ഗ്രാമിന് 1 രൂപ നിരക്കിൽ 25 കി.ഗ്രാം അരി വിതരണം നടത്തുന്നതിനായി എ.എ.വൈ. വിഭാഗത്തിൽ നിന്നും വക മാറ്റി ക്രമീകരണം നടത്തിയാണ് കഴിഞ്ഞ മാസങ്ങളിൽ ടി പദ്ധതി തുടർന്നു വന്നത്. ബി.പി.എൽ. അഡ്ഹോക്ക് വിഹിതം പുന:സ്ഥാപിക്കുന്നതിനും 2012-13 വർഷത്തേയ്ക്ക് കൂടുതൽ അരി സംസ്ഥാനത്തിന് അനുവദിക്കുന്നതിനും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഡി) | അപ്രകാരം വെട്ടിക്കുറച്ചതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം : 1

(See Answer to Un-Starred Question No. 1094)

| DIST. | APL | BPL | AAY | Total CARDS |
|---|---|---|---|---|
| TVM | 653617 | 162834 | 65576 | 882027 |
| KLM | 491908 | 151954 | 51877 | 695739 |
| PTA | 238626 | 57801 | 26691 | 323118 |
| ALP | 381414 | 131696 | 43178 | 556288 |
| KTM | 349343 | 96805 | 35053 | 481201 |
| IDI | 185503 | 60545 | 32423 | 278471 |
| EKM | 638055 | 101368 | 39381 | 778804 |
| TCR | 538531 | 165156 | 57053 | 760740 |
| PKD | 513443 | 94606 | 47444 | 655493 |
| MLM | 598263 | 142224 | 54306 | 794793 |
| KKD | 552149 | 125338 | 42340 | 719827 |
| WND | 128833 | 23347 | 40838 | 193018 |
| KNR | 438743 | 89250 | 35853 | 563846 |
| KSR | 187071 | 46667 | 20957 | 254695 |
| **TOTAL** | **5895499** | **1449591** | **592970** | **7938060** |

അനുബന്ധം : 2

**(See Answer to Un-Starred Question No. 1094)**

| നം. | പദ്ധതിയുടെ പേര് | ഇനം | ഒരുകാർഡിന് (കി.ഗ്രാം) |
|---|---|---|---|
| 1 | എ.പി.എൽ. (നോർമൽ) | അരി | 10 |
| 2 | | ഗോതമ്പ് | 03 |
| 3 | എ.പി.എൽ (സബ്സിഡി) | അരി | 09 |
| | | ഗോതമ്പ് | 03 |
| 4 | എ.എ.വൈ | അരി | 35 |
| 5 | ബി.പി.എൽ | അരി | 25 |
| 6 | ബി.പി.എൽ | ഗോതമ്പ് | 05 |
| 7 | അന്നപൂർണ്ണ | അരി | 10 |
| 8 | ബി.പി.എൽ/ എ.എ.വൈ | പഞ്ചസാര | 400 ഗ്രാം ഒരംഗത്തിന് |
| 9 | | മണ്ണെണ്ണ | 1 ലിറ്റർ E Card<br>4 ലിറ്റർ NE Card<br>(5/12ൽ) |
| 10 | എ.പി.എൽ | ഫോർട്ടിഫൈഡ് ആട്ട | 2 |